# ഭരണഭാഷ - മാതൃഭാഷ

**<u>മേലെഴുത്ത് നമ്പർ ഇഎ2/49610/23/ഡിടിഇ  തീയതി: 24.11.2023</u>**

ജീവനകാര്യം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമന വ്യവസ്ഥകളിലെ **"ആശ്രിത സംരക്ഷണ സമ്മത മൊഴി"** സംബന്ധിച്ച വിഷയത്തിൽ ഭേതഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. ടി ഉത്തരവ് വകുപ്പിന് കീഴിലെ സ്ഥാപന/ഓഫീസ് മേധാവികളുടെ അറിവിലേക്കും തുടർ നടപടികൾക്കുമായും നൽകുന്നു.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1. വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന മേധാവികൾക്കും (ഡി.ടി.ഇ വെബ് സൈറ്റ് വഴി)
2. എല്ലാ ജീവനക്കാർക്കും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
3. കരുതൽ സഞ്ചയം

Approval Valid

Digitally Approved By
സുനിൽ കുമാർ സി വി
Date: 24.11.2023
Reason: Approved

Draft #1 of File EA2/49610/23/DTE Approved by Senior Administrative Officer on 24-Nov-2023 11:55 PM - Page 1

The document is digitally approved. Hence signature is not needed.

സ.ഉ.(കൈ) നം.21/2023/P&ARD

OFFICE OF THE DIRECTOR OF
TECHNICAL EDUCATION
22 NOV 2023
THIRUVANANTHAPURAM-33

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനവ്യവസ്ഥകളിലെ 'ആശ്രിത- സംരക്ഷണ സമ്മതമൊഴി'- ഉത്തരവിൽ സ്പഷ്ടീകരണ- ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഉപദേശ-സി) വകുപ്പ്**

സ.ഉ.(കൈ) നം.21/2023/P&ARD തീയതി,തിരുവനന്തപുരം, 09-11-2023

---

പരാമർശം:- 1. 24.05.1999 ലെ സ.ഉ(പി) നം. 12/99/പി&എആർഡി നമ്പർ ഉത്തരവ്.

2. 21.02.2018 ലെ സ.ഉ(കൈ).നം.5/2018/ഉഭപവ നമ്പർ ഉത്തരവ്.

**ഉത്തരവ്**

EA 22/11/23

സംസ്ഥാന സർക്കാർ സർവീസിൽ ജോലി ചെയ്യുവരവെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം നൽകി വരുന്നത്.

2. ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനത്തിനായി അപേക്ഷിക്കുന്നവർ മരണപ്പെട്ട ജീവനക്കാരുടെ മാതാവ്/പിതാവ്/വിധവ/വിഭാര്യൻ എന്നിവരെ ജീവിതകാലം മുഴുവനും , അവിവാഹിതരായ സഹോദരീ-സഹോദരന്മാരെ പ്രായപൂർത്തിയാകുന്നതുവരെയും സംരക്ഷിക്കുന്നതാണെന്നുമുള്ള 'സംരക്ഷണ സമ്മതമൊഴി' കൂടി ആശ്രിത നിയമനത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കുവാനും വ്യവസ്ഥ ചെയ്തു കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ മരണമടഞ്ഞ ജീവനക്കാരന്റെ ആശ്രിതരായ മക്കളെ സംരക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ അപ്രകാരമുള്ള വ്യവസ്ഥ കൂടി ഉൾപ്പെടുത്തേണ്ടതുണ്ടെന്നു കാണുന്നു. കൂടാതെ ടി ഉത്തരവിൽ "അവിവാഹിതയായ സഹോദരി/ അവിവാഹിതനായ സഹോദരൻ എന്നിവരെ പ്രായപൂർത്തിയാകുന്നതുവരെ സംരക്ഷിക്കുന്നതാണ്" എന്ന പ്രയോഗം സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് വിവിധ വകുപ്പുകളിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മുൻഖണ്ഡികയിൽ വിവരിച്ച സാഹചര്യത്തിൽ, പരാമർശം (2) ഉത്തരവ് ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4 **മരണമടഞ്ഞ ജീവനക്കാരുടെ മാതാവ്/പിതാവ് ഒഴികെയുള്ളവർ ആശ്രിത നിയമനത്തിനായി അപേക്ഷിക്കുകയാണെങ്കിൽ, അപേക്ഷകർ, ജീവനക്കാരുടെ**

**മാതാവ്/പിതാവ്/വിധവ/വിഭാര്യൻ എന്നിവരെ ജീവിതകാലം മുഴുവനും സംരക്ഷിക്കുന്നതാണെന്നും, ടി ജീവനക്കാരുടെ ആശ്രിതരായ മക്കളെയും സഹോദരങ്ങളെയും പ്രായപൂർത്തിയാകുന്നതുവരെ സംരക്ഷിക്കുന്നതാണെന്നുമുള്ള സമ്മതമൊഴി കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും. സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം. തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
സെക്രട്ടറി. നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/ തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ. കേരള ഹൈക്കോടതി. എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
നിയമം, ധനകാര്യം, ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും. സെക്ഷനുകൾക്കും.
ഡയറക്ടർ. വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
നോഡൽ ഓഫീസർ, പി & എ ആർ ഡി(വകുപ്പിന്റെ www.pard.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sivakumar G
Date: 09-11-2023 14:34:58
സെക്ഷൻ ഓഫീസർ